LIBRARY ARCHIVES Kerala Legislative Assembly

ലീഗൽ മെട്രോളജി വകുപ്പിൽ നിന്നുള്ള സേവനങ്ങൾ

22(*292) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പി.പി.ഇ. കിറ്റ്, മാസ്ക്, സാനിറ്റൈസർ തുടങ്ങിയവയ്ക്ക് അമിത വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരത്തിൽ അമിത വില ഈടാക്കുന്നവർക്കെതിരെ ലീഗൽ മെട്രോളജി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. 14-5-2021-ലെ G.O.(P)No.8/2021/F&CSD നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലീഗൽ മെട്രോളജി വകുപ്പ് സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് സാനിറ്റൈസർ, പി.പി.ഇ.കിറ്റ്, മാസ്ക് എന്നിവയ്ക്ക് അമിതവില ഈടാക്കിയ വില്പനക്കാർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉപഭോക്തൃ ചൂഷണം തടയുന്നതിനായി വകുപ്പിൽനിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. ഉപഭോക്തൃ ബോധവൽക്കരണം ലക്ഷ്യമാക്കി വിവിധ അച്ചടി മാധ്യമങ്ങൾ വഴിയും എഫ്.എം. റേഡിയോകൾ വഴിയും പരസ്യങ്ങൾ നൽകി വരുന്നു. കൂടാതെ ദേശീയ ഉപഭോക്തൃ ദിനം, ലോക ഉപഭോക്തൃ ദിനം എന്നീ ദിനാഘോഷങ്ങളുടെ ഭാഗമായി പൊതുജന ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്.

(ഡി) വകുപ്പിന്റെ സേവനങ്ങൾ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുവാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ഉണ്ട്. നിലവിൽ വകുപ്പിൽനിന്ന് അനുവദിക്കുന്ന പാക്കർ, ഇംപോർട്ടർ രജിസ്ട്രേഷൻ, അളവ്തൂക്ക ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും വിൽപ്പന

നടത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനുമുള്ള ലൈസൻസ് എന്നിവ ഓൺലൈനായിട്ടാണ് അനുവദിക്കുന്നത്. പൊതുജനങ്ങൾക്ക് അളവ് തൂക്ക സംബന്ധമായ പരാതികൾ നൽകുന്നതിന് " സുതാര്യം" എന്ന മൊബൈൽ ആപ്ലിക്കേഷനും നിലവിലുണ്ട്.

(ഇ) വകുപ്പിന്റെ ജില്ലാ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ ആഫീസുകളിൽ വയനാട് ജില്ലാ ആഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കാസർഗോഡ് ജില്ലാ ആഫീസിന് പുതിയ കെട്ടിടത്തിനുള്ള നിർമാണ ഉദ്ഘാടനം 22-7-2021-ൽ നടന്നിട്ടുള്ളതാണ്. പത്തനംതിട്ട, കണ്ണൂർ ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടില്ല. ടി ആഫീസുകൾക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭീഷണിക്കത്തിന്മേൽ അന്വേഷണം

23(*293) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ശ്രീമതി കെ. കെ. രമ എം.എൽ.എ.-യുടെ മകനെയും ആർ.എം.പി.ഐ. സംസ്ഥാന സെക്രട്ടറിയെയും അപായപ്പെടുത്തുമെന്ന ഭീഷണിക്കത്ത് എം.എൽ.എ.-യുടെ ഓഫീസിൽ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽകാര്യത്തിന് ആർ.എം.പി.ഐ.-യുടെ സെക്രട്ടറിയായ ശ്രീ. എൻ. വേണുവിന്റെ പരാതി പ്രകാരം 19-7-2021-ന് വടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 685/2021 U/s 153, 507 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്മേൽ വടകര പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരികയാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly